26-11-2014 പ്രകാരം 06/2011 മുതൽ ട്രെയിനിംഗ് പീരിയഡ് ഡ്യൂട്ടിയായി പരിഗണിച്ച് Special Rule ഭേദഗതി ചെയ്തിട്ടുണ്ട്. (Special Rule-ൽ ട്രെയിനിംഗ് കാലയളവിൽ സ്റ്റൈപ്പന്റിന് അർഹത എന്ന വ്യവസ്ഥ ഭേദഗതി ചെയ്തിട്ടില്ല). എന്നാൽ എറണാകുളം, തൃശ്ശൂർ, പാലക്കാട് അസിസ്റ്റന്റ് ഡിവിഷണൽ ആഫീസർമാർ ഡി.എ. കുടിശ്ശിക നൽകിയിട്ടുള്ളതായി അറിയിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രിക്കെതിരെ അന്വേഷണം

244 (T 3066) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബഹു. ഭക്ഷ്യ വകുപ്പുമന്ത്രിക്കെതിരെ അഴിമതി സംബന്ധിച്ച് ഇപ്പോൾ ഏതൊക്കെ അന്വേഷണങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നതെന്നും അവയുടെ ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രിക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അഴിമതി സംബന്ധിച്ച അന്വേഷണങ്ങൾ ഒന്നും തന്നെ നിലവിലില്ല.

ഭൂമി തട്ടിപ്പ് കേസുകൾ

245 (3067) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടകംപള്ളിയിലേയും ഇടപ്പള്ളി പത്തടിപ്പാലത്തേയും ഭൂമി തട്ടിപ്പ് കേസുകളിൽ കോട്ടികളുടെ ഇടപാട് നടന്നിട്ടുള്ളതായി സംശയമുണ്ടായിരുന്നുവോ ;

(ബി) എങ്കിൽ ഈ സംശയങ്ങളുടെ അടിസ്ഥാനത്തിലുള്ള അന്വേഷണത്തിലൂടെ സത്യം പുറത്ത് കൊണ്ടുവരാൻ വിജിലൻസിന് സാധിക്കാതെ പോയത് എന്തുകൊണ്ടായിരുന്നു ;

(സി) സലീംരാജ് ഭൂമി തട്ടിപ്പുകൾ നടത്തിയത് മുഖ്യമന്ത്രിയുടെ ഗൺമാൻ എന്ന നിലയിലുള്ള സ്വാധീനം ഉപയോഗിച്ചുകൊണ്ടായിരുന്നു എന്നറിയാമോ ; മുഖ്യമന്ത്രിയുടെ ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വം സംബന്ധിച്ച കേസിന്മേലുള്ള ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ വിധിന്യായത്തിൽ 130-ാം പേജിലെ വാചകങ്ങൾ എന്തെല്ലാമായിരുന്നു ; വിധി പകർപ്പ് ഉദ്ധരിച്ച് വിശദീകരിക്കുമോ ;

(ഡി) സി.ബി.ഐ. യുടെ അന്വേഷണത്തിലൂടെ വിജിലൻസ് കണ്ടെത്താത്ത എന്തെല്ലാം വസ്തുതകൾ പുറത്ത് വന്നിട്ടുണ്ട് ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly